## 2.00 PM – 4.00 PM ഭാഷാ കമ്പ്യൂട്ടിങ്

**ആമുഖം**

കുട്ടികൾ അനായാസമായി കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് അവർക്ക് ഏറ്റവും സൗകര്യപ്രദമായ ഭാഷയിൽ കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള ശേഷി നേടേണ്ടതുണ്ട്. ഇതിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയാണ് ഈ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം ഇന്റർനെറ്റിലേക്ക് വിവരങ്ങൾ ഉൾപ്പെടുത്തുക കൂടി ചെയ്യുന്നതിലൂടെ പൊതുസമൂഹത്തിന് ഈ വിവരങ്ങൾ ലഭ്യമാക്കാനും ഇന്റർനെറ്റ് സഞ്ചയത്തിൽ മറ്റ് ഭാഷാ വിഭവങ്ങൾ വർദ്ധിപ്പിക്കാനും കഴിയുന്നു.

മലയാളം/മറ്റ് ഭാഷയിൽ ടൈപ്പ് ചെയ്യാനുള്ള വിവിധ രീതികളുടെ പ്രചാരണം, സ്കൂൾവിക്കിയിലെ ലേഖനങ്ങളുടെ സുപുഷ്ടീകരണം, മലയാള ലേഖനങ്ങളുടെ ഡിജിറ്റൈസേഷൻ, സ്കൂൾ വിക്കി പദ്ധതിയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മലയാളത്തിലുള്ള സ്വതന്ത്ര പ്രാദേശിക ഭൂപടനിർമ്മാണം, പ്രാദേശികചരിത്ര രചന, പുതുക്കിയ ലേഔട്ടിൽ വ്യത്യസ്ത ഫോർമാറ്റുകളിൽ അവയുടെ പുനഃപ്രസാധനം, ഈ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിക്കിമീഡിയ അടക്കമുള്ള പ്രസ്ഥാനങ്ങളുമായുള്ള സഹവർത്തിത്വം തുടങ്ങി ധാരാളം പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾക്ക് സാർത്ഥകമായി ഇടപെടാൻ സാധിക്കും. ഇത്തരത്തിലുള്ള നിരവധി സാധ്യതകളിലേക്ക് വിദ്യാർത്ഥികളുടെ ശ്രദ്ധക്ഷണിക്കുകയും അവരെ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈയൊരു പരിശീലന പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്.

**പ്രവർത്തനം 1.1** **സമയം: 60 മിനിറ്റ്**

**മാതൃഭാഷയിൽ ടൈപ്പ് ചെയ്യാം**

**ഉദ്ദേശ്യങ്ങൾ:**

- കമ്പ്യൂട്ടറിൽ വിവിധ നിവേശകരീതികൾ സജ്ജീകരിക്കാനുള്ള ശേഷി നേടുന്നു
- ഇൻസ്ക്രിപ്റ്റ് നിവേശകരീതിയിൽ മാതൃഭാഷയിൽ ടൈപ്പ്ചെയ്യാനുള്ള ശേഷി നേടുന്നു.
  - ഇംഗ്ലീഷ് ഇതര ഭാഷകൾ ടൈപ്പ് ചെയ്യാം എന്ന ധാരണ ലഭിക്കുന്നതിന്.
  - വ്യത്യസ്ത ഇൻപുട്ട് രീതികൾ പരിചയപ്പെടുന്നതിന്.
  - ടൈപ്പിംഗ് ടെക്നിക് പരിചയപ്പെടുന്നതിന്.

### Materials and Resources :

- കുട്ടികളുടെ മലയാളം ടൈപ്പിങ്ങ് ശേഷി പരിശോധിക്കാനുള്ള പദങ്ങളുടെ പട്ടിക. (text2type.odt)
- ശബ്ദതാരാവലിയുടെ പേജുകളുടെ പകർപ്പ്.

നമ്മുടെ കമ്പ്യൂട്ടറിൽ കാണുന്നതെല്ലാം ഇംഗ്ലീഷിലല്ലേ? മറ്റു ഭാഷകൾ എത്രത്തോളം നമ്മുടെ കമ്പ്യൂട്ടറിൽ കൊണ്ടുവരാം? വിവരങ്ങൾ മലയാളത്തിൽ ടൈപ്പ് ചെയ്യാൻ അറിയാമോ? തുടങ്ങിയ ചോദ്യങ്ങളിലൂടെ ആർ.പി മലയാളം ടൈപ്പിംഗിന്റെ ആവശ്യകതയും സാധ്യതയും കുട്ടികളുമായി ചർച്ച ചെയ്യുന്നു.

- മലയാളം ടൈപ്പിംഗ് ചെയ്യുന്നതിന്ന് (**അനുബന്ധം 1)** കമ്പ്യൂട്ടറിൽ വരുത്തേണ്ട ക്രമീകരണങ്ങൾ പരിചയപ്പെടുത്തുന്നു.
- പാനലിലെ കീബോർഡ് ഇന്റിക്കേറ്ററിൽ ക്രമീകരിച്ച് കൂടുതൽ ഭാഷകൾ ഉൾപ്പെടുത്തുന്ന വിധം പരിശീലിക്കുന്നു.

- പാനലിലെ കീബോർഡ് ഇന്റിക്കേറ്ററിൽ ക്രമീകരിച്ച് കൂടുതൽ ഭാഷകൾ ഉൾപ്പെടുത്തുന്ന വിധം പരിശീലിക്കുന്നു.
- ആർ.പി നൽകുന്ന പദങ്ങൾ (text2type.odt) കുട്ടികൾ ടൈപ്പ് ചെയ്യുന്നു. ടൈപ്പുചെയ്യുമ്പോൾ വിരലുകളുടെ ശരിയായ സ്ഥാനം, ഓരോ അക്ഷരവും ഏത് വിരലുകൊണ്ട് ടൈപ്പുചെയ്യണം തുടങ്ങിയ കാര്യങ്ങൾ പരിചയപ്പെടുത്തുന്നു.

**പ്രവർത്തനം 1. 2** **സമയം: 30 മിനിറ്റ്**

**സ്കൂൾവിക്കി എഡിറ്റിംഗ്**

**ഉദ്ദേശ്യങ്ങൾ:**

- സ്കൂൾവിക്കിയെക്കുറിച്ചും വിവിധ വിക്കിപദ്ധതികളെക്കുറിച്ചുമുള്ള ധാരണ നേടുക.
- വിക്കി എഡിറ്റിംഗിന്റെ അടിസ്ഥാന സങ്കേതങ്ങൾ പരിചയപ്പെടുക.
- സ്കൂൾവിക്കിയിലേക്ക് വിവരങ്ങൾ ഉൾപ്പെടുത്താനുള്ള ശേഷി നേടുന്നതിന്
- സ്കൂൾവിക്കിയിലെ വിവിധ ഫോർമാറ്റിങ്ങ് ടൂളുകൾ ഉപയോഗിക്കാനുള്ള ശേഷി നേടുന്നതിന്

( സ്കൂൾവിക്കിയിൽ എല്ലാ കുട്ടികൾക്കും അംഗത്വം എടുക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ കുട്ടികളുടെ പരിശീലനത്തിന് RP നൽകുന്ന യൂസർ ഐഡി, പാസ്സ്‌വേഡ് ഉപയോഗിച്ച്പ്രവേശിക്കേണ്ടതാണ്.)

RP അവതരിപ്പിക്കുന്നു:
കുട്ടിക്കൂട്ടം പ്രവർത്തകർ എന്ന നിലക്ക് നമുക്ക് ഭാഷാ പുരോഗതിക്ക് എന്തെല്ലാം ചെയ്യാം?
താഴെ പറയുന്ന ചോദ്യങ്ങളിലൂടെ ആർ.പി സ്കൂൾവിക്കി എഡിറ്റിംഗിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.

- നിങ്ങളുടെ സ്കൂൾ വിക്കി പേജ് കണ്ടിട്ടുണ്ടോ?
- എത്രമാത്രം കൃത്യവും സമഗ്രവുമാണ് അതിലെ വിവരങ്ങൾ?
- ഇനിയും കൂടുതൽ വിവരങ്ങൾ ചേർക്കേണ്ടതുണ്ടോ? തിരുത്തലുകൾ ആവശ്യമാണോ ?
- എങ്ങനെയാണ് സ്കൂൾവിക്കിയിലേക്ക് വിവരങ്ങൾ ഉൾപ്പെടുത്തുന്നത്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ എങ്ങനെ സ്കൂൾവിക്കിയിൽ തിരുത്തലുകൾ വരുത്താം എന്നും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്താം എന്നും RP ഡെമോ ചെയ്യുന്നു.
സ്കൂൾവിക്കിയിലെ, കുട്ടികളുടെ സ്കൂൾ പേജ് കണ്ടെത്തുന്നത് പരിചയപ്പെടുന്നു .
സ്കൂൾപേജ് ഘടന പരിചയപ്പെടുന്നു.
താഴെ പറയുന്ന അടിസ്ഥാന ഫോർമാറ്റിംഗ് തന്ത്രങ്ങൾ സ്കൂൾവിക്കിയിലെ സഹായം താളിന്റെ സഹായത്തോടെ RP കുട്ടികളെ പരിചയപ്പെടുത്തുന്നു..

- തലക്കെട്ട് തയ്യാറാക്കുക
- കട്ടികൂട്ടുന്നത്, ചെരിച്ചെഴുതുന്നത്
- പാരഗ്രാഫ്, ബോക്സ്
- പട്ടിക ഉൾപ്പെടുത്തുന്നു.
- ചിത്രം സ്കൂൾ വിക്കിയിലേക്ക് ഉൾപ്പെടുത്തുന്നു
- ചിത്രം സ്കൂൾ വിക്കിയിലെ പേജിൽ പ്രദർശിപ്പിക്കുന്നു.

**കുട്ടിക്കൂട്ടം പ്രോജക്ട് പേജിലേക്ക് കുട്ടികൾ അവരുടെ പേര് ഉൾപ്പെടുത്തുന്നു.**
കുട്ടിക്കൂട്ടം പ്രോജക്ട് പേജിലേക്ക് എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്താവുന്നത്? കുട്ടിക്കൂട്ടം പ്രോജക്ട് പേജിലേക്ക് ഉൾപ്പെടുത്തേണ്ട വിവരങ്ങൾ (മാതൃക കുട്ടിക്കൂട്ടം-സഹായം പേജിലുണ്ട്) കണ്ടെത്തുന്നു. ഈ പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾ അവരുടെ പേര് ടൈപ്പ് ചെയ്ത് ചേർക്കുന്നു.
(അനാവശ്യ തിരുത്തലുകൾ "എങ്ങനെയുണ്ടെന്ന് കാണാം" എന്ന മെനുവിലൂടെ മാറ്റങ്ങൾ നിരീക്ഷിക്കുകയും റദ്ദാക്കുകയും ചെയ്യുക. (സേവ് ചെയ്യരുത്))

**പ്രവർത്തനം 1.3** **സമയം: 30 മിനിറ്റ്**

**പദശേഖരം തയ്യാറാകുന്നു**

**ഉദ്ദേശ്യങ്ങൾ:**

- ഒരു ഓൺലൈൻ നിഘണ്ടുവിന്റെ ആദ്യപതിപ്പ് തയ്യാറാക്കുന്നതിന്
- നല്കിയിരിക്കുന്ന സ്കാനുകളിലെ വിവരങ്ങൾ തെറ്റുകൂടാതെ ടൈപ്പുചെയ്യുന്നതിന്.

**Materials and Resources :**

- ശബ്ദതാരാവലിയുടെ പേജുകളുടെ പകർപ്പ്.

മലയാളത്തിൽ പണ്ട് ഉപയോഗിച്ചിരുന്നവയും നിലവിലുള്ളവയുമായ മുഴുവൻ പദങ്ങളുടെയും വിശദാംശങ്ങളോടെയുള്ള ഒരു പദസഞ്ചയം ഇനിയും സ്വതന്ത്ര ലൈസൻസിൽ പൊതു ഉപയോഗത്തിന് ലഭ്യമായിട്ടില്ല. ഇത്തരം വാക്കുകൾ ശേഖരിക്കുകയും അവയുടെ മുഴുവൻ വിശദാംശങ്ങളും രേഖപ്പെടുത്തുകയും അവ സ്വതന്ത്ര അനുമതിപത്രത്തിൽ ലഭ്യമാക്കുകയും ചെയ്യുക എന്നത് ഏറ്റവും സാർത്ഥകമായ ഒരു ഭാഷാപ്രവർത്തനമാണ്. അത്തരമൊരു ശേഖരം നമുക്കുണ്ടാക്കിയാലോ ? നല്കിയ പദങ്ങളെ സംബന്ധിക്കുന്ന ഏതൊക്കെ വിവരങ്ങൾ ഒരു പദശേഖരത്തിൽ ഉൾപ്പെടുത്താം? ചർച്ച ചെയ്യുന്നു. നല്കിയ പദങ്ങളുടെ താഴെപ്പറയുന്ന പ്രത്യേകതകൾ കണ്ടെത്താൻ ശ്രമിക്കുന്നു. ലഭ്യമായവ രേഖപ്പെടുത്തിവയ്ക്കുന്നു.

ശബ്ദതാരാവലിയിൽ ഓരോ സ്കൂളും ചേർക്കേണ്ട വാക്കുകൾ ഉൾപ്പെട്ട പേജുകളും ഇതര വിശദാംശങ്ങളും നേരത്തെ തീരുമാനിച്ചിരിക്കണം. ഈ വാക്കുകൾ ആദ്യം ചേർക്കുകയും തുടർന്ന് ഇവയ്ക്കിടയിലുള്ള മറ്റു വാക്കുകൾ കുട്ടികൾ കണ്ടുപിടിച്ച് തുടർപ്രവർത്തനമായി ചേർക്കുകയും വേണം.

**( RP പരിശീലനത്തിന് മുൻപായി പദസഞ്ചയത്തിൽ SignUp ചെയ്തിരിക്കണം. ഈ ഉപയോക്തൃനാമം ഉപയോഗിച്ച് ലോഗിൻ ചെയ്താണ് കുട്ടികൾ പ്രവർത്തനം ചെയ്യേണ്ടത്. )**

പദസഞ്ചയം പോർട്ടലിലേക്ക് വിവരങ്ങൾ അപ്‌ലോഡ്ചെയ്യുന്ന വിധം ആർ.പി ഡെമോ ചെയ്യുന്നു.

- പദസഞ്ചയം പരിചയപ്പെടുന്നു.
- പദസഞ്ചയത്തിൽ നിലവിൽ ഉൾപ്പെടുത്തിയ വാക്കുകൾ കാണുന്നു.
- RP വിതരണം ചെയ്ത ശേഖരത്തിൽ നിന്നും ഓരോ കുട്ടിയും ഓരോ പദം തിരഞ്ഞെടുത്ത് പുസ്തകത്തിൽ എഴുതുന്നു.
- പദസഞ്ചയത്തിലേക്ക് RP ലോഗിൻ ചെയ്യുന്നു.
- വാക്കുകൾ അപ്‌ലോഡ് ചെയ്യാനുള്ള ഫോം പരിചയപ്പെടുത്തുന്നു.
- പദത്തെക്കുറിച്ച് ശേഖരത്തിൽ നൽകിയ വിവരങ്ങൾ പദസഞ്ചയത്തിലേക്ക് ടൈപ്പ് ചെയ്ത് ചേർക്കുന്നു.
- കുട്ടിയുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി അപ്‌ലോഡ് ചെയ്യുന്നു.
- അപ്‌ലോഡ് ചെയ്ത ശേഷം പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ സന്ദർശിക്കുന്നു.

**************************